# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 14

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/സ്പെഷൽ മേഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 28 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 17 വരെയും 525 രൂപ പിഴയോടെ 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/222/2020)

## അപേക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.-2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ ഫെബ്രുവരി 19 മുതൽ 24 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 25 മുതൽ 26 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 27 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷഫോമിന്റെ തുകയായി 30 രൂപ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററിന് 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റീഅപ്പിയറൻസ് പരീക്ഷയെഴുതുന്നവർ രജിസ്ട്രേഷൻ ഫീസായി 55 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഇന്റേണൽ മൂല്യനിർണയ റീഡു പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പേപ്പറൊന്നിന് 105 രൂപ വീതം അടയ്ക്കണം. പ്രൊജക്ട് ചെയ്യുന്ന ആറാം സെമസ്റ്റർ വിദ്യാർഥികൾ പ്രൊജക്ട് മൂല്യനിർണയഫീസായി 80 രൂപ അടയ്ക്കണം. ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് ആദ്യമായി പരീക്ഷയെഴുതുന്നവർ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 135 രൂപയും ഗ്രേഡ് കാർഡ് ഫീസായി 160 രൂപയും അടയ്ക്കണം. ആറാം സെമസ്റ്റർ സി.ബി.സി.എസ്. -2017 അഡ്മിഷൻ റഗുലർ വിദ്യാർഥികൾ കോളേജ് വഴി ഓൺലൈനായി ഫീസും അപേക്ഷയും നൽകണം. സി.ബി.സി.എസ്.എസ്. -2013-2016 അഡ്മിഷൻ റീഅപ്പിയറൻസുകാർ സർവകലാശാല പോർട്ടൽ വഴി ഫീസടച്ച് സർവകലാശാലയിൽ അപേക്ഷ നൽകണം. നാലാം സെമസ്റ്റർ സി.ബി.സി.എസ്. -2018 റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസുകാർ കോളേജ് വഴി ഓൺലൈനായി ഫീസും അപേക്ഷയും നൽകണം. സി.ബി.സി.എസ്.എസ്. - 2013-2016 റീഅപ്പിയറൻസുകാർ സർവകലാശാല പോർട്ടൽ വഴി ഫീസടച്ച് സർവകലാശാലയിൽ അപേക്ഷ നൽകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/223/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ്., 2019 അഡ്മിഷൻ റഗുലർ/2017-18 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 17 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/224/2020)

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 19 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/225/2020)

## എം.ജി.യിൽ കർഷകസംഗമം

മഹാത്മാ ഗാന്ധി സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം പദ്ധതിയുടെ ഭാഗമായി കർഷകസംഗമം സംഘടിപ്പിച്ചു. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ജൈവകർഷകരിൽ സംരംഭകത്വം വളർത്തുന്നതിനായി നടത്തിയ സംഗമത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള ജൈവകർഷകർ പങ്കെടുത്തു. സമാപന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. കെ.വി. ദയാൽ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. സന്തോഷ് പി. തമ്പി, എബ്രഹാം മാത്യു, ജിൻസ് മേരി ഇമ്മാനുവൽ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം പദ്ധതിയുടെ ഭാഗമായി നടന്ന കർഷകസംഗമം പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

**മഹാത്മാ ഗാന്ധി സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം പദ്ധതിയുടെ ഭാഗമായി നടന്ന കർഷകസംഗമത്തിന്റെ സമാപന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/226/2020)

## പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2019ൽ പിഎച്ച്.ഡി. രജിസ്ട്രേഷൻ നടത്തിയവർക്കും (സെക്കന്റ് സ്പെൽ) 2018 സപ്ലിമെന്ററിക്കാർക്കുമുള്ള പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ (കോഴ്സ് 1, കോഴ്സ് 2) ഇന്നും (ഫെബ്രുവരി 15) നാളെയും (ഫെബ്രുവരി 16) കോട്ടയം സി.എം.എസ്. കോളേജിൽ നടക്കും. ഫെബ്രുവരി 23ന് കോഴ്സ് 3 പരീക്ഷ അതത് ഗവേഷണകേന്ദ്രങ്ങളിൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2732947.

(പി.ആർ.ഒ/39/227/2020)

## അന്തിമ റാങ്ക് പട്ടിക

2017 നവംബറിൽ നടന്ന എം.എ. സംസ്കൃതം ജനറൽ (പ്രൈവറ്റ്) നാലാം സെമസ്റ്റർ റഗുലർ പരീക്ഷകളുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിലെ കെ.ജി. ഉണ്ണി ഒന്നാം റാങ്ക് നേടി.

(പി.ആർ.ഒ/39/228/2020)

## എം.ഫിൽ പ്രവേശന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ 2019-20 എം.ഫിൽ ബാച്ച് പ്രവേശന പരീക്ഷയുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിലും സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലും ലഭിക്കും.

(പി.ആർ.ഒ/39/229/2020)

## പാർട്ട്ടൈം ലേഡി മെഡിക്കൽ ഓഫീസർ; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല ഹെൽത്ത് സെന്ററിൽ പാർട്ട്ടൈം ലേഡി മെഡിക്കൽ ഓഫീസറുടെ ഒഴിവിലേക്കുള്ള വോക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 25ന് നടക്കും. ഉച്ചകഴിഞ്ഞ് 3.30ന് സർവകലാശാല ആസ്ഥാനത്താണ് ഇന്റർവ്യൂ. യോഗ്യത: എം.ബി.ബി.എസ്./തത്തുല്യം, കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം. വിരമിച്ചവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. മാസം 22000 രൂപ ലഭിക്കും. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് ജോലിസമയം. ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം. താല്പര്യമുള്ളവർ അന്നേദിവസം ഉച്ചയ്ക്ക് 1.30ന് അസൽ രേഖകൾ സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) ഓഫീസിൽ ഹാജരാകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 0481-2733302.

(പി.ആർ.ഒ/39/230/2020)

## ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം; എം.ജി.യുടെ പരിശീലനപരിപാടിക്ക് ദേശീയതലത്തിൽ അഭിനന്ദനം

ദുരന്തനിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭിന്നശേഷിക്കാർക്ക് പരിശീലനമൊരുക്കിയ മഹാത്മാ ഗാന്ധി സർവകലാശാല അന്തർസർവകലാശാല ഭിന്നശേഷി പഠനവിഭാഗത്തിന് ആഭ്യന്തര മന്ത്രാലയത്തിന്റേയും ദേശീയ ദുരന്ത

നിവാരണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അഭിനന്ദനം. കേന്ദ്ര ആഭ്യന്തര, സാമൂഹികനീതി മന്ത്രാലയങ്ങളും ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടും ഡിപ്പാർട്ട്മെന്റ് ഓഫ് എംവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസും സംയുക്തമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ദേശീയ കോൺഫറൻസിലാണ് എം.ജി.യുടെ പരിശീലന പരിപാടിക്ക് അഭിനന്ദനം ലഭിച്ചത്.

ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ് പ്രബന്ധം അവതരിപ്പിച്ചു. ദുരന്ത ലഘൂകരണ പ്രക്രിയയിൽ ദുരന്തങ്ങളെ നേരിടാനും പരസഹായം കൂടാതെ സ്വയം രക്ഷപ്പെടാനുമുള്ള മാർഗങ്ങളെക്കുറിച്ച് അന്തർസർവകലാശാല ഭിന്നശേഷി പഠനവിഭാഗം 14 ജില്ലകളിലായി നടത്തിയ പരിശീലന പരിപാടിയിൽ മൂവായിരത്തിലധികം ഭിന്നശേഷിക്കാരാണ് പങ്കെടുത്തത്. ഭിന്നശേഷിക്കാരെ നാല് വിഭാഗങ്ങളായി തിരിച്ചാണ് പരിശീലനം നൽകിയത്. പ്രഥമശുശ്രൂഷ പ്രക്രിയയിലെ സി.പി.ആർ. അടക്കമുള്ളവയിൽ പരിശീലനം നൽകി. സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ സാമ്പത്തിക സഹായത്താലാണ് പരിശീലന പരിപാടി നടത്തിയത്.

കാഴ്ച പരിമിതിയുള്ളവർക്കായി ബ്രെയിലി ലിപിയിലുള്ള പഠന സാമഗ്രികളും ഐ.യു.സി.ഡി.എസ്. തയാറാക്കി വിതരണം ചെയ്തിരുന്നു. ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം ലക്ഷ്യമിട്ട് രാജ്യത്ത് നടന്ന ആദ്യ സംരംഭമാണിത്. കേരളത്തെ നോഡൽ കേന്ദ്രമാക്കി പരിശീലനപരിപാടി കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് കേന്ദ്ര ഭിന്നശേഷി വികസന വകുപ്പ് സെക്രട്ടറി ശകുന്തള ഡി. ഗ്യാമ്ലിൻ പറഞ്ഞു.

## ഫോട്ടോ ക്യാപ്ഷൻ

**ന്യൂഡൽഹിയിൽ കേന്ദ്ര ആഭ്യന്തര, സാമൂഹികനീതി മന്ത്രാലയങ്ങളും ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടും ഡിപ്പാർട്ട്മെന്റ് ഓഫ് എംവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസും സംയുക്തമായി സംഘടിപ്പിച്ച ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ദേശീയ കോൺഫറൻസിൽ എം.ജി.യുടെ ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പരിശീലന പരിപാടിയെക്കുറിച്ച് ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ് വിവരിക്കുന്നു**

(പി.ആർ.ഒ/39/231/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 14

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/സ്പെഷൽ മേഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 28 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 17 വരെയും 525 രൂപ പിഴയോടെ 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/222/2020)

## അപേക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.-2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ ഫെബ്രുവരി 19 മുതൽ 24 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 25 മുതൽ 26 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 27 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷഫോമിന്റെ തുകയായി 30 രൂപ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ സെമസ്റ്ററിന് 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റീഅപ്പിയറൻസ് പരീക്ഷയെഴുതുന്നവർ രജിസ്ട്രേഷൻ ഫീസായി 55 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഇന്റേണൽ മൂല്യനിർണയ റീഡു പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ പേപ്പറൊന്നിന് 105 രൂപ വീതം അടയ്ക്കണം. പ്രൊജക്ട് ചെയ്യുന്ന ആറാം സെമസ്റ്റർ വിദ്യാർഥികൾ പ്രൊജക്ട് മൂല്യനിർണയഫീസായി 80 രൂപ അടയ്ക്കണം. ആറാം സെമസ്റ്റർ പരീക്ഷയ്ക്ക് ആദ്യമായി പരീക്ഷയെഴുതുന്നവർ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 135 രൂപയും ഗ്രേഡ് കാർഡ് ഫീസായി 160 രൂപയും അടയ്ക്കണം. ആറാം സെമസ്റ്റർ സി.ബി.സി.എസ്. -2017 അഡ്മിഷൻ റഗുലർ വിദ്യാർഥികൾ കോളേജ് വഴി ഓൺലൈനായി ഫീസും അപേക്ഷയും നൽകണം. സി.ബി.സി.എസ്.എസ്. -2013-2016 അഡ്മിഷൻ റീഅപ്പിയറൻസുകാർ സർവകലാശാല പോർട്ടൽ വഴി ഫീസടച്ച് സർവകലാശാലയിൽ അപേക്ഷ നൽകണം. നാലാം സെമസ്റ്റർ സി.ബി.സി.എസ്. -2018 റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസുകാർ കോളേജ് വഴി ഓൺലൈനായി ഫീസും അപേക്ഷയും നൽകണം. സി.ബി.സി.എസ്.എസ്. - 2013-2016 റീഅപ്പിയറൻസുകാർ സർവകലാശാല പോർട്ടൽ വഴി ഫീസടച്ച് സർവകലാശാലയിൽ അപേക്ഷ നൽകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/223/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ്., 2019 അഡ്മിഷൻ റഗുലർ/2017-18 അഡ്മിഷൻ റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്. - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 17 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/224/2020)

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 19 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/225/2020)

## എം.ജി.യിൽ കർഷകസംഗമം

മഹാത്മാ ഗാന്ധി സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം പദ്ധതിയുടെ ഭാഗമായി കർഷകസംഗമം സംഘടിപ്പിച്ചു. പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. ജൈവകർഷകരിൽ സംരംഭകത്വം വളർത്തുന്നതിനായി നടത്തിയ സംഗമത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള ജൈവകർഷകർ പങ്കെടുത്തു. സമാപന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. കെ.വി. ദയാൽ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. സന്തോഷ് പി. തമ്പി, എബ്രഹാം മാത്യു, ജിൻസ് മേരി ഇമ്മാനുവൽ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം പദ്ധതിയുടെ ഭാഗമായി നടന്ന കർഷകസംഗമം പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു**

**മഹാത്മാ ഗാന്ധി സർവകലാശാല സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം പദ്ധതിയുടെ ഭാഗമായി നടന്ന കർഷകസംഗമത്തിന്റെ സമാപന സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/226/2020)

## പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2019ൽ പിഎച്ച്.ഡി. രജിസ്ട്രേഷൻ നടത്തിയവർക്കും (സെക്കന്റ് സ്പെൽ) 2018 സപ്ലിമെന്ററിക്കാർക്കുമുള്ള പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ (കോഴ്സ് 1, കോഴ്സ് 2) ഇന്നും (ഫെബ്രുവരി 15) നാളെയും (ഫെബ്രുവരി 16) കോട്ടയം സി.എം.എസ്. കോളേജിൽ നടക്കും. ഫെബ്രുവരി 23ന് കോഴ്സ് 3 പരീക്ഷ അതത് ഗവേഷണകേന്ദ്രങ്ങളിൽ നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2732947.

(പി.ആർ.ഒ/39/227/2020)

## അന്തിമ റാങ്ക് പട്ടിക

2017 നവംബറിൽ നടന്ന എം.എ. സംസ്കൃതം ജനറൽ (പ്രൈവറ്റ്) നാലാം സെമസ്റ്റർ റഗുലർ പരീക്ഷകളുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജിലെ കെ.ജി. ഉണ്ണി ഒന്നാം റാങ്ക് നേടി.

(പി.ആർ.ഒ/39/228/2020)

## എം.ഫിൽ പ്രവേശന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ 2019-20 എം.ഫിൽ ബാച്ച് പ്രവേശന പരീക്ഷയുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിലും സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലും ലഭിക്കും.

(പി.ആർ.ഒ/39/229/2020)

## പാർട്ട്ടൈം ലേഡി മെഡിക്കൽ ഓഫീസർ; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാല ഹെൽത്ത് സെന്ററിൽ പാർട്ട്ടൈം ലേഡി മെഡിക്കൽ ഓഫീസറുടെ ഒഴിവിലേക്കുള്ള വോക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 25ന് നടക്കും. ഉച്ചകഴിഞ്ഞ് 3.30ന് സർവകലാശാല ആസ്ഥാനത്താണ് ഇന്റർവ്യൂ. യോഗ്യത: എം.ബി.ബി.എസ്./തത്തുല്യം, കേരള മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം. വിരമിച്ചവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. മാസം 22000 രൂപ ലഭിക്കും. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് ജോലിസമയം. ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം. താല്പര്യമുള്ളവർ അന്നേദിവസം ഉച്ചയ്ക്ക് 1.30ന് അസൽ രേഖകൾ സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) ഓഫീസിൽ ഹാജരാകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 0481-2733302.

(പി.ആർ.ഒ/39/230/2020)

## ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം; എം.ജി.യുടെ പരിശീലനപരിപാടിക്ക് ദേശീയതലത്തിൽ അഭിനന്ദനം

ദുരന്തനിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭിന്നശേഷിക്കാർക്ക് പരിശീലനമൊരുക്കിയ മഹാത്മാ ഗാന്ധി സർവകലാശാല അന്തർസർവകലാശാല ഭിന്നശേഷി പഠനവിഭാഗത്തിന് ആഭ്യന്തര മന്ത്രാലയത്തിന്റേയും ദേശീയ ദുരന്ത

നിവാരണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അഭിനന്ദനം. കേന്ദ്ര ആഭ്യന്തര, സാമൂഹികനീതി മന്ത്രാലയങ്ങളും ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടും ഡിപ്പാർട്ട്മെന്റ് ഓഫ് എംവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസും സംയുക്തമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ദേശീയ കോൺഫറൻസിലാണ് എം.ജി.യുടെ പരിശീലന പരിപാടിക്ക് അഭിനന്ദനം ലഭിച്ചത്.

ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ് പ്രബന്ധം അവതരിപ്പിച്ചു. ദുരന്ത ലഘൂകരണ പ്രക്രിയയിൽ ദുരന്തങ്ങളെ നേരിടാനും പരസഹായം കൂടാതെ സ്വയം രക്ഷപ്പെടാനുമുള്ള മാർഗങ്ങളെക്കുറിച്ച് അന്തർസർവകലാശാല ഭിന്നശേഷി പഠനവിഭാഗം 14 ജില്ലകളിലായി നടത്തിയ പരിശീലന പരിപാടിയിൽ മൂവായിരത്തിലധികം ഭിന്നശേഷിക്കാരാണ് പങ്കെടുത്തത്. ഭിന്നശേഷിക്കാരെ നാല് വിഭാഗങ്ങളായി തിരിച്ചാണ് പരിശീലനം നൽകിയത്. പ്രഥമശുശ്രൂഷ പ്രക്രിയയിലെ സി.പി.ആർ. അടക്കമുള്ളവയിൽ പരിശീലനം നൽകി. സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയുടെ സാമ്പത്തിക സഹായത്താലാണ് പരിശീലന പരിപാടി നടത്തിയത്.

കാഴ്ച പരിമിതിയുള്ളവർക്കായി ബ്രെയിലി ലിപിയിലുള്ള പഠന സാമഗ്രികളും ഐ.യു.സി.ഡി.എസ്. തയാറാക്കി വിതരണം ചെയ്തിരുന്നു. ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം ലക്ഷ്യമിട്ട് രാജ്യത്ത് നടന്ന ആദ്യ സംരംഭമാണിത്. കേരളത്തെ നോഡൽ കേന്ദ്രമാക്കി പരിശീലനപരിപാടി കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് കേന്ദ്ര ഭിന്നശേഷി വികസന വകുപ്പ് സെക്രട്ടറി ശകുന്തള ഡി. ഗ്യാമ്ലിൻ പറഞ്ഞു.

## ഫോട്ടോ ക്യാപ്ഷൻ

**ന്യൂഡൽഹിയിൽ കേന്ദ്ര ആഭ്യന്തര, സാമൂഹികനീതി മന്ത്രാലയങ്ങളും ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ടും ഡിപ്പാർട്ട്മെന്റ് ഓഫ് എംവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസും സംയുക്തമായി സംഘടിപ്പിച്ച ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ദേശീയ കോൺഫറൻസിൽ എം.ജി.യുടെ ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പരിശീലന പരിപാടിയെക്കുറിച്ച് ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.റ്റി. ബാബുരാജ് വിവരിക്കുന്നു**

(പി.ആർ.ഒ/39/231/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ